സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 60 | ലക്കം: 57 | 2025 മെയ് 15 വ്യാഴം | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


## പ്രതിയെ രക്ഷിക്കാൻശ്രമമെന്ന് വി ഡി സതീശൻ

തിരു : യുവ അഭിഭാഷക ശ്യാമിലിയെ ക്രൂരമായി മർദ്ദിച്ച സീനിയർ അഭിഭാഷകൻ ബെയ്‌ലിൻ ദാസിനെ സർക്കാരും പൊലീസും സംരക്ഷിക്കാൻ ശ്രമിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. തദ്ദേശ തെരഞ്ഞെടുപ്പിൽ സി.പി.എം സ്ഥാനാർഥിയായി മത്സരിച്ച ആളാണ് പ്രതി ബെയ്‌ലിൻ ദാസ്. പ്രതിയെ സംരക്ഷിക്കാൻ അരയും തലയും മുറുക്കി രംഗത്ത് ഇറങ്ങിയിരിക്കുന്നവർക്കും ഭരണകക്ഷിയുമായി അടുത്ത ബന്ധമുണ്ട്. സ്ത്രീത്വത്തെ അധിക്ഷേപിച്ചതിനു പുറമെ തൊഴിലിടത്ത് അപമര്യാദയായി പെരുമാറിയെന്ന വിഷയവും ഇതിലുണ്ട്.ആക്രമണത്തിന് ഇരയായ അഭിഭാഷകയുമായി സംസാരിച്ചു. അവർ നടത്തുന്ന നിയമ പോരാട്ടത്തിന് കോൺഗ്രസും യു.ഡി.എഫും പൂർണ പിന്തുണ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രതിയെ ഉടൻ അറസ്റ്റ് ചെയ്യണമെന്നും വി.ഡി. സതീശൻ ആവശ്യപ്പെട്ടു.

# ഓരോ വാക്കിനും ഉത്തരവാദിത്തം വേണം; മന്ത്രി വിജയ് ഷാ ക്കെതിരെ സുപ്രീംകോടതി

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ സൈനിക നടപടി വിശദീകരിച്ച കേണൽ സോഫിയ ഖുറേഷിക്കെതിരെ വിദ്വേഷ പരാമർശം നടത്തിയ മന്ത്രിയെ രൂക്ഷമായി വിമർശിച്ച് സുപ്രീംകോടതി. മദ്ധ്യപ്രദേശ് ബിജെപി മന്ത്രി കുൻവർ വിജയ് ഷായ്ക്കെതിരെയാണ് സുപ്രീംകോടതി രൂക്ഷ വിമർശനം നടത്തിയത്.

ഭരണഘടനയുടെ ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവർ ഇത്തരം പരാമർശങ്ങൾ നടത്തരുതെന്ന് കോടതി പറഞ്ഞു. രാജ്യം ഒരു ഗുരുതരമായ സാഹചര്യത്തിലൂടെ കടന്നുപോകുമ്പോൾ ഒരു മന്ത്രി തന്റെ ഉത്തരവാദിത്ത ബോധം കാണിക്കണമെന്നും കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് ബി ആർ ഗവായ്‌യുടെ ബെഞ്ചാണ് വിമർശനം നടത്തിയത്.

മദ്ധ്യപ്രദേശ് ഹൈക്കോടതി ജബൽ പൂർ ബെഞ്ച് നേരത്തെ വിജയ് ഷായ്ക്കെതിരെ കേസെടുക്കാൻ ഉത്തരവിട്ടിരുന്നു. സ്വമേധയാ ഇടപെട്ട ജസ്റ്റിസുമാരായ അതുൽ ശ്രീധരൻ, അനുരാധാ ശുക്ള എന്നിവരടങ്ങിയ ബെഞ്ചാണ് വിജയ് ഷായ്ക്കെതിരെ ഇന്നലെ വൈകിട്ട് ആറിനുള്ളിൽ കേസെടുക്കാൻ പൊലീസ് മേധാവിയോട് നിർദ്ദേശിച്ചത്.



ബിജെപി സർക്കാരിൽ ഗോത്രക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന ഷാ, അടുത്തിടെ നടന്ന ഒരു പരിപാടിയിലാണ് വിവാദ പ്രസംഗം നടത്തിയത്. പ്രസംഗം വൻ വിവാദമായതോടെ സോഫിയ ഭാരതത്തിന്റെ അഭിമാനമാണെന്ന് ബിജെപി ജനറൽ സെക്രട്ടറി ബി എൽ സന്തോഷ് വിശദീകരിച്ചു. 7 ദിവസം കൊണ്ട് സോഫിയ യുവതലമുറയുടെ അഭിമാന താരമായെന്നും പറഞ്ഞു.

പ്രസംഗം മാദ്ധ്യമങ്ങൾ വളച്ചൊടിച്ചതാണെന്ന് ആദ്യം പറഞ്ഞ ഷാ പിന്നീട് ക്ഷമാപണം നടത്തി. കേണൽ സോഫിയ ജാതിക്കും സമുദായത്തിനും അതീതമായി ഇന്ത്യയുടെ നിലപാട് ലോകത്തെ അറിയിച്ചയാളാണ്. അവരുടെ സേവനത്തെ സല്യൂട്ട് ചെയ്യുന്നു. അപമാനിക്കാൻ സ്വപ്നത്തിൽ പോലും ചിന്തിച്ചിട്ടില്ല. എന്റെ സഹോദരിയേക്കാൾ പ്രധാനമാണ്. ഞാൻ ഒരു തവണയല്ല, പത്ത് തവണ ക്ഷമ ചോദിക്കുന്നു എന്നായിരുന്നു വിശദീകരണം.

## 'കടുവയെ വെടിവെച്ച് കൊല്ലണം'; DFOയെ തടഞ്ഞ് നാട്ടുകാരുടെ പ്രതിഷേധം

കാളികാവ്: റബ്ബർ ടാപ്പിങ്ങിന് പോയ യുവാവിനെ കടുവ കടിച്ചുകൊന്ന സംഭവത്തിൽ നാട്ടുകാരുടെ പ്രതിഷേധം. മൃതദേഹം മാറ്റാൻ അനുവദിക്കാതെയും സ്ഥലത്തെത്തിയ ഡിഎഫ്ഒയെ തടഞ്ഞുവെച്ചും നാട്ടുകാർ പ്രതിഷേധിച്ചു. നാലരമണിക്കൂറോളമാണ് നാട്ടുകാർ പ്രതിഷേധിച്ചത്. കടുവയെ വെടിവെച്ചുകൊല്ലണമെന്നും നഷ്ടപരിഹാരം പ്രഖ്യാപിക്കണമെന്നുമാണ് ഇവരുടെ ആവശ്യം.

സ്ഥലം എംഎൽഎ എ.പി. അനിൽകുമാർ, ഡിഎഫ്ഒ ധനിത് ലാൽ, ഡിവൈഎസ്പി സാജു.കെ അബ്രഹാം എന്നിവർ സ്ഥലത്തെത്തിയിട്ടുണ്ട്. അതേസമയം ഡിഎഫ്ഒ യെ പ്രതിഷേധക്കാർ തടഞ്ഞുവെച്ചു. തങ്ങളുടെ ആവശ്യം അംഗീകരിക്കാതെ പോകാനനുവദിക്കില്ലെന്ന നിലപാടിലായിരുന്നു നാട്ടുകാർ. അതോടെ പോ



ലീസും നാട്ടുകാരും ഉന്തും തള്ളുമായി. പിന്നീട് മൃതദേഹം ആംബുലൻസിലേക്ക് മാറ്റി.

പ്രദേശത്ത് ഇതിന് മുമ്പും സമാനമായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിട്ടും ഗൗരവതരമായ ഇടപെടൽ വനംവകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നാണ് പ്രതിഷേധക്കാർ ആരോപിക്കുന്നത്. മരിച്ച ഗഫൂറിന്റെ കുടുംബാംഗത്തിന് താത്കാലിക ജോലി നൽകാനും ധാരണയായിട്ടുണ്ട്.

അതേസമയം കടുവയെ മയക്കുവെടിവെക്കാനായി ഒരു സംഘം തോട്ടത്തിലേക്ക് പുറപ്പെട്ടിട്ടുണ്ട്. സ്ഥലത്ത് ക്യാമറയും കൂടും സ്ഥാപിക്കും. കുങ്കിയാനകളെ ഉൾപ്പെടെ എത്തിച്ച് വിശദമായ പരിശോധന നടത്താനും തീരുമാനിച്ചിട്ടുണ്ട്.

ഇന്ന് രാവിലെ ആറരയോടെയാണ് റബ്ബർ ടാപ്പിങ്ങിന് പോയ ചോക്കാട് കല്ലാമൂല സ്വദേശി അബ്ദുൽ ഗഫൂറിനെ കടുവ ആക്രമിക്കുന്നത്.കാളികാവ് അടയ്ക്കാക്കുണ്ടിൽ റാവുത്തൻകാവ് ഭാഗത്ത് സ്ലോട്ടർ ടാപ്പിങ് നടത്തുന്ന തോട്ടത്തിലാണ് സംഭവം. കടുവ കടിച്ച് വലിച്ചിഴയ്ക്കുന്നത് കണ്ടുവെന്നാണ് കൂടെ ഉണ്ടായിരുന്ന ആൾ പറഞ്ഞത്. മുണ്ട് അഴിഞ്ഞു പോയ നിലയിൽ ഏതാണ്ട് നഗ്നമായ നിലയിലായിരുന്നു മൃതദേഹം.

## പഹൽഗാമിലെ നാല് കൊലയാളികളിലൊരാളെ സുരക്ഷാ സേന വധിച്ചു, കൂട്ടത്തിൽ 2 ലഷ്കർ ഭീകരരും

ശ്രീനഗർ: ജമ്മു കശ്മീരിൽ സുരക്ഷാസേന മൂന്ന് ഭീകരവാദികളെ ഏറ്റുമുട്ടലിൽ കൂടി വധിച്ചു. പഹൽഗാം ഭീകരാക്രമണത്തിൽ ഭീകരവാദികളെ സഹായിച്ച ആസിഫ് ഷെയ്ഖ് ഉൾപ്പെടെയുള്ള മൂന്ന് ഭീകരവാദികളെയാണ് വധിച്ചത്. ആസിഫിന് പുറമെ അമീർ നസീർ വാണി, യവാർ ഭട്ട് എന്നിവരെയാണ് സുരക്ഷാ സേന വധിച്ചത്. ആസിഫിന്റെ വീട് നേരത്തെ അധികൃതർ തകർത്തിരുന്നു.

ആസിഫ് ഷെയ്ക്ക് ഭീകരവാദികൾക്ക് സഹായം നൽകുകയും ആക്രമണത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് സുരക്ഷാ ഏജൻസികൾ പറയുന്നത്.

പുൽവാമയിലെ നാദേർ, ത്രാൽ വില്ലേജുകളിലായി നടന്ന ഏറ്റുമുട്ടലിലാണ് മൂന്നു ഭീകരവാദികളെയും സുരക്ഷാ



സേന വധിച്ചത്. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ സൈന്യവും സിആർപിഎഫും ജമ്മു കശ്മീർ പോലീസും സംയുക്തമായി നടത്തിയ തിരച്ചിലിനിടെയാണ് ഭീകരവാദികളുമായി ഏറ്റുമുട്ടലുണ്ടായത്.

കഴിഞ്ഞ ചൊവ്വാഴ്ച മൂന്ന് ലഷ്കർ ഭീകരരെ സുരക്ഷാ സേന ഷോപിയാനിൽ വെച്ച് വധിച്ചിരുന്നു. ഇവരിൽനിന്ന് ആയുധങ്ങളും പണവും അടക്കം പിടികൂടി. ഇതിന് ശേഷം കൂടുതൽ ഭീകരവാദികളുണ്ടാകാമെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ ഏജൻസികൾ ജാഗ്രതയിലായിരുന്നു. ഈ സമയത്ത് ത്രാലിൽ ഭീകരവാദികളെത്തിയിട്ടുണ്ട് എന്ന വിവരം ലഭിക്കുന്നത്.

## ബിയർ വില കൂട്ടാൻ സർക്കാർ തീരുമാനം

ബംഗളൂരു: അഡീഷണൽ എക്സൈസ് ഡ്യൂട്ടി (എഇഡി) വർദ്ധിപ്പിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന് പിന്നാലെ ബിയർ വില ഉയരാൻ സാദ്ധ്യതയെന്ന് റിപ്പോർട്ട്.

എഇഡി 195 ശതമാനത്തിൽ നിന്ന് 200 ആയാണ് ഉയർത്തിയത്. കർണാടക സർക്കാരിന്റേതാണ് തീരുമാനം. വിലക്കുറവുള്ള ബ്രാൻഡായ ഇന്ത്യൻ മെയ്ഡ് ലിക്കർ (ഐഎംഎൽ) മദ്യത്തിനും വില കൂടും. 180 മില്ലിലിറ്റർ ക്വാർട്ടറിന് 15 മുതൽ 20 രൂപവരെയാണ് വർദ്ധിക്കുന്നത്. ഐഎംഎൽ ബ്രാൻഡുകളെ 16 സ്ളാബുകളായാണ് തരംതിരിച്ചിരിക്കുന്നത്. ഇതിൽ ആദ്യ നാല് സ്ളാബുകളെയായിരിക്കും വില വർദ്ധനവ് സ്വാധീനിക്കുക.

വിലവർദ്ധനവിനെക്കുറിച്ച് കർണാടക സർക്കാർ സ്ഥിരീകരിച്ചതായാണ് വിവരം. നേരത്തെ എഇഡി പത്ത് ശതമാനം വർദ്ധിക്കുമെന്നാണ് കരട് വിജ്ഞാപനത്തിൽ ചൂണ്ടിക്കാട്ടിയിരുന്നത്. എന്നാൽ പിന്നീടിത് അഞ്ച് ശതമാനമായി ഉയർത്തുകയായിരുന്നു. രണ്ട് വർഷത്തിനിടെ നാല് തവണയാണ് കർണാടകയിൽ മദ്യത്തിന് വില ഉയർത്തിയത്.

വിലവർദ്ധനവിൽ പ്രതിഷേധിച്ച് കർണാടക ഫെഡറേഷൻ ഒഫ് വൈൻ മെർച്ചന്റ്സ് അസോസിയേഷൻ, ബ്ര്യൂവേഴ്സ് അസോസിയേഷൻ ഒഫ് ഇന്ത്യ (ബിഎഐ) എന്നിവർ രംഗത്തെത്തി. ഇതുസംബന്ധിച്ച് സർക്കാരിന് കത്തും നൽകി.


മുൻകാല എക്സൈസ് തീരുവ വർദ്ധനവിൽ കർണാടകയിലെ ബിയർ വിപണി പ്രതിസന്ധി നേരിടുകയാണെന്ന് ബിഎഐ ഡയറക്ടർ ജനറൽ വിനോദ് ഗിരി പറഞ്ഞു. വിലവർദ്ധനവ് അസാധാരണമായ സംഭവമാണ്. വളർച്ചയും ഒരുശതമാനം സ്തംഭിക്കുകയും ചെയ്തു. ബിയർ വിൽപന കൂടുതൽ കുറയുന്നത് സർക്കാരിന്റെ വരുമാനത്തെ ബാധിക്കുമെന്നാണ് വിനോദ് ഗിരി ചൂണ്ടിക്കാട്ടി.

## ആനന്ദകുമാറിന് ജാമ്യം അനുവദിച്ച് കോടതി

തിരു : പാതിവില തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട ആദ്യ കേസിൽ പ്രതി കെഎൻ ആനന്ദകുമാറിന് ജാമ്യം അനുവദിച്ച് കോടതി.

മൂവാറ്റുപുഴ പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് ജാമ്യം അനുവദിച്ചത്. മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിന് പിന്നാല ആനന്ദകുമാറിനെ അറസ്റ്റ് ചെയ്തിരുന്നു. പിന്നീട് മുപ്പതോളം കേസുകളിൽ ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. മറ്റ് കേസുകളിൽ ജാമ്യം ലഭിക്കാത്തതിനാൽ ആനന്ദകുമാർ ഇനിയും ജയിലിൽ തുടരും.

പകുതിവിലയ്ക്ക് സ്കൂട്ടർ, ലാപ്ടോപ്, തയ്യൽമെഷീൻ വാഗ്ദാനം ചെയ്ത് 500 കോടിയോളം തട്ടിപ്പ് നടത്തിയെന്നാണ് സായിഗ്രാമം എക്സിക്യൂട്ടീവ് ഡയറക്ടർ കെഎൻ ആനന്ദകുമാറിനെതിരെ ഉള്ള കേസ്. അ



ഡിഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് എൽസാ കാതറിൻ ജോർജ്ജാണ് ആനന്ദകുമാറിനെ റിമാൻഡ് ചെയ്തത്. കണ്ണൂരിലെ തട്ടിപ്പ് കേസിൽ മുൻകൂർ ജാമ്യഹർജി തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി തള്ളിയതിനു പിന്നാലെയാണ് ഇക്കഴിഞ്ഞ മാർച്ചിൽ ആനന്ദകുമാറിനെ ക്രൈംബ്രാഞ്ച് കസ്റ്റഡിയിലെടുത്തത്. പണം ട്രസ്റ്റിന്റെ അക്കൗണ്ടിലാണെത്തിയതെന്നും സാമ്പത്തിക ഇടപാടുകളിൽ തനിക്ക് നേരിട്ട് പങ്കോ അറിവോ ഇല്ലെന്നുമുള്ള ആനന്ദകുമാറിന്റെ വാദം മുൻകൂർ ജാമ്യ ഹർജി പരിഗണിക്കവേ കോടതി അന്ന് തള്ളിയിരുന്നു.

## നീരജ് ചോപ്ര ഇനി ലെഫ്റ്റനൻറ് കേണൽ

തൃശൂർ : ഒളിമ്പിക് മെഡൽ ജേതാവായ ഇന്ത്യയുടെ ജാവലിൻ താരം നീരജ് ചോപ്ര ഇനി ലെഫ്റ്റനൻറ് കേണൽ. ടെറിറ്റോറിയൽ ആർമി ഓണററി റാങ്കായാണ് നീരജിന് ലെഫ്റ്റനൻറ് കേണൽ പദവി നൽകിയത്. ഏപ്രിൽ 16 മുതൽ നിയമനം പ്രാബല്യത്തിൽ വന്നതായി പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. കായികമേഖലയിൽ രാജ്യത്തിനുനൽകിയ സംഭാവനകൾ പരിഗണിച്ചാണ് താരത്തിന് ടെറിട്ടോറിയൽ ആർമിയിൽ ഓണററി ലെഫ്റ്റനൻറ് കേണൽ പദവി നൽകിയത്.

2023 ലെ ലോകചാമ്പ്യൻഷിപ്പിൽ ജേതാവായ നിരജ് 2020 ടോക്യോ ഒളിമ്പിക്സിൽ സ്വർണവും 2024 പാരീസ് ഒളിമ്പിക്സിൽ വെള്ളിയും നേടിയിട്ടുണ്ട്. ഒളിമ്പിക്സിൽ ട്രാക്ക് ആൻഡ് ഫീൽഡ് ഇനങ്ങളിൽ മെഡലുകൾ നേടുന്ന ആദ്യ ഇന്ത്യൻ



അത്‌ലറ്റുകൂടിയാണ് നീരജ്.

2016 ഓഗസ്റ്റ് 26ന് നീരജ് ഇന്ത്യൻ ആർമിയിൽ നായിക് സുബേദാർ റാങ്കിൽ ജൂണിയർ കമ്മീഷൻഡ് ഓഫീസറായി നിയമിതനായിരുന്നു. പിന്നീട് 2024ൽ സുബേദാർ മേജറായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു.

ടോക്യോ ഒളിമ്പിക്സിൽ ജാവലിനിൽ ഇന്ത്യയ്ക്കായി സ്വർണം നേടിയതിനു പിന്നാലെ 2022 ജനുവരിയിൽ രജ്പുത്താന റൈഫിൾസ് അദ്ദേഹത്തെ പരം വിശിഷ്ട് സേവാ മെഡൽ നൽകി ആദരിച്ചിരുന്നു.

## സ്വർണ്ണം വിലയിൽ വൻ ഇടിവ്

തിരു: സംസ്ഥാനത്ത് സ്വർണപ്രേമികൾക്ക് സന്തോഷ വാർത്ത. ഇന്നും സ്വർണവിലയിൽ ഇടിവ്. പവന് 1560 രൂപ കുറഞ്ഞ് 68,880 രൂപയായി. ഒരു ഗ്രാം സ്വർണത്തിന് 195 രൂപ കുറഞ്ഞ് 8,610 രൂപയായി. ഈ മാസം ഇത് ആദ്യമായാണ് ഒരു പവൻ സ്വർണത്തിന്റെ വില 70,000ന് താഴെയെത്തുന്നത്. ഈ മാസത്തിൽ ഏറ്റവും ഉയർന്ന സ്വർണനിരക്ക് രേഖപ്പെടുത്തിയത് മേയ് എട്ടിനായിരുന്നു. അന്ന് പവന് 73,040 രൂപയായിരുന്നു. മേയ് 12 മുതലാണ് സംസ്ഥാന സ്വർണവിലയിൽ വലിയ തരത്തിലുള്ള ഇടിവ് സംഭവിച്ച് തുടങ്ങിയത്. ഇത് ആഭരണം വാങ്ങാനായി കാത്തിരുന്നവർക്ക് ആശ്വാസമായിരിക്കുകയാണ്.

അമേരിക്കയും ചൈനയും ഇറക്കുമതി തീരുവ വർദ്ധന 90 ദിവസത്തേക്ക് മരവിപ്പിക്കാൻ തീരുമാനിച്ചതോടെയാണ് രാജ്യാന്തര വിപണിയിൽ സ്വർണവിലയിൽ വൻഇടിവ് സംഭവിച്ചത്. സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണത്തിൽ മുടക്കിയ പണം നിക്ഷേപകർ വലിയ തോതിൽ പിൻവലിച്ചതാണ് വിലത്തകർച്ച രൂക്ഷമാക്കിയത്. സ്വർണവില ഔൺസിന് 110 ഡോളർ കുറഞ്ഞ് 3,220 ഡോളറിലെത്തി. അമേരിക്കൻ ഉത്പന്നങ്ങളുടെ തീരുവ ചൈന 90 ദിവസത്തേക്ക് 125 ശതമാനത്തിൽ നിന്ന് പത്ത് ശതമാനമായാണ് കുറച്ചത്. ചൈനയുടെ ഉത്പന്നങ്ങളുടെ തീരുവ അമേരിക്ക 145 ശതമാനത്തിൽ നിന്ന് 30 ശതമാനമായും കുറച്ചതാണ് സ്വർണത്തിന് പ്രിയം ഇടിച്ചത്.

അതേസമയം, ഇന്നത്തെ വെള്ളിവിലയിലും കുറവ് സംഭവിച്ചിട്ടുണ്ട്. ഇന്ന് ഒരു ഗ്രാം വെള്ളിയുടെ വില 108 രൂപയും ഒരു കിലോഗ്രാം വെള്ളിയുടെ വില 108,000 രൂപയുമാണ്. ഇന്നലെ ഒരു ഗ്രാം വെള്ളിയുടെ വില 109 രൂപയായിരുന്നു.

## മലമ്പുഴ ഡാമിൽ സഹോദരങ്ങൾ മുങ്ങി മരിച്ചു

പാലക്കാട്: മലമ്പുഴ ഡാമിൽ സഹോദരങ്ങൾ മുങ്ങി മരിച്ചു. പാലക്കാട് - പൂളക്കാട് സ്വദേശി നസീഫിന്റെ മക്കൾ മുഹമ്മദ് നിഹാൽ (20), ആദിൽ (16) എന്നിവരാണ് മരിച്ചത്.

ഇന്നലെ വൈകുന്നേരമാണ് ഇരുവരും കുളിക്കാൻ ഇറങ്ങിയത്. കുളിക്കുന്നതിനിടയിൽ വെള്ളത്തിൽ മുങ്ങിത്താഴുകയായിരുന്നു. ഇരുവരേയും കാണാതായതിനെ തുടർന്നാണ് പരിശോധന നടത്തിയത്. 20കാരന്റെ ഫോൺ ലൊക്കേഷൻ നോക്കിയാണ് വെള്ളത്തിൽ മുങ്ങിയതാണെന്ന് കണ്ടെത്തിയത്. തുടർന്ന് ഇന്ന് പുലർച്ചയാണ് മൃതദേഹം കണ്ടെത്തിയത്. മൃതദേഹം ആശുപത്രിയിലേക്ക് മാറ്റി. പോസ്റ്റ് മോർട്ടത്തിന് ശേഷം കുടുംബത്തിന് വിട്ടുനൽകും.

## ഫുട്ബോൾ കളിക്കിടെയുണ്ടായ തർക്കം പരിഹരിക്കുന്നതിനിടെ 17കാരന് ക്രൂരമർദനം

പാലക്കാട്: ഫുട്ബോൾ കളിക്കിടെയുണ്ടായ തർക്കം പരിഹരിക്കുന്നതിനിടെ 17കാരന് തലയ്ക്ക് ഗുരുതര പരിക്ക്. പാലക്കാട് പട്ടാമ്പിയിലാണ് സംഭവം. കൊടലൂർ സ്വദേശി കെടി ഹഫീസിനാണ് പരിക്കേറ്റത്. തലയോട്ടിക്ക് ക്ഷതമേറ്റ 17കാരൻ ഒറ്റപ്പാലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ഞായറാഴ്ച പട്ടാമ്പി കൽപക സെന്ററിലാണ് സംഭവം. തർക്കം പരിഹരിക്കുന്നതിനിടെ 15പേരടങ്ങുന്ന സംഘം ആയുധം ഉപയോഗിച്ച് മർദിച്ചുവെന്നാണ് പരാതി. മർദനമേറ്റ സംഭവത്തിൽ പൊലീസ് നടപടി സ്വീകരിച്ചില്ലെന്ന് ഹഫീസിന്റെ കുടുംബം ആരോപി



ച്ചു. സംഭവത്തിൽ പൊലീസ് വീഴ്ചയ്ക്കെതിരെ മുഖ്യമന്ത്രിക്കും എസ്പിക്കും പരാതി നൽകുമെന്നും ഹഫീസിന്റെ മാതാവ് പറഞ്ഞു. അതേസമയം, കുടുംബത്തിന്റെ പരാതിയിൽ കേസെടുത്തുവെന്നാണ് പട്ടാമ്പി പൊലീസ് അറിയിച്ചത്. സംഭവത്തിൽ നാലുപേരെ അറസ്റ്റ് ചെയ്തുവെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

## പറമ്പിൽ നിന്ന് കർഷകന് കിട്ടിയത് കോടികൾ മൂല്യമുള്ള സ്വർണം; തൊടാൻ അനുവദിക്കാതെ സർക്കാർ

പാരീസ്: കർഷകന് സ്വകാര്യ പറമ്പിൽ നിന്ന് ലഭിച്ചത് 3000 കോടിയിലധികം മൂല്യം വരുന്ന സ്വർണനിക്ഷേപം. ഫ്രാൻസിലാണ് സംഭവം. ഓവർഗെനിൽ നിന്നുള്ള 52കാരനായ മൈക്കൽ ഡുപോണ്ട് എന്ന കർഷകനാണ് അമൂല്യ നിധി ലഭിച്ചത്. നാല് ബില്യൺ യൂറോയിലധികം മൂല്യമുള്ള സ്വർണനിക്ഷേപമാണ് മണ്ണിനുള്ളിൽ നിന്ന് കിട്ടിയത്.

സംഭവമറിഞ്ഞ ഫ്രഞ്ച് സർക്കാർ സ്വർണം കണ്ടെത്തിയ പ്രദേശത്തെ എല്ലാ പ്രവർത്തനങ്ങളും തടഞ്ഞു. വിഷയത്തിൽ വ്യക്തമായ വിശകലനം ആവശ്യമാണെന്ന് വ്യക്ത



മാക്കിയ സർക്കാർ പാരിസ്ഥിതിക പഠനങ്ങളും നിയമവശങ്ങളും തേടേണ്ടതുണ്ടെന്നും വിശദമാക്കി.


'പതിവുപോലെ പറമ്പിൽ പരിശോധന നടത്തുമ്പോഴാണ് മണ്ണിൽ അസാധാരണമായ തിളക്കം കണ്ടത്. ചെറുതായൊന്ന് കുഴിച്ചുനോക്കിയപ്പോൾ സ്വർണനിക്ഷേപം കണ്ടുഞെട്ടി. പിന്നാലെ വാർത്ത വളരെവേഗം പരക്കുകയായിരുന്നു. വിവരമറിഞ്ഞ് സർക്കാർ ഉദ്യോഗസ്ഥരും സ്ഥലത്തെത്തി. പറമ്പിൽ 150 ടണ്ണിലധികം സ്വർണമുണ്ടാകാമെന്ന് പ്രാഥമിക പരിശോധനകൾക്കു ശേഷം അധികൃതർ അറിയിച്ചത്. പാരിസ്ഥിതിക പഠനങ്ങൾ ആരംഭിച്ചതിനാൽ പറമ്പ് സീൽ ചെയ്തിരിക്കുകയാണ്.

സ്വകാര്യ പറമ്പിൽ നിന്നാണ് കണ്ടെത്തുന്നതെങ്കിലും ഫ്രാൻസിൽ പ്രകൃതി വിഭവങ്ങൾക്ക് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മണ്ണിനടിയിലുള്ളതെല്ലാം സർക്കാരിന്റെ അധികാര പരിധിയിലാണ് വരുന്നത്.

സ്വകാര്യ വ്യക്തികൾക്ക് സ്വന്തമാക്കണമെങ്കിൽ സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. സമ്പന്നമായ ജൈവ വൈവിധ്യമുള്ള പ്രദേശമാണ് ഓവർഗെൻ മേഖല. സ്വർണം കണ്ടെത്തിയതിനുശേഷം വലിയ തോതിലുള്ള ഖനനം നടത്തുന്നത് വലിയ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്ന ആശങ്കയിലാണ് പ്രദേശവാസികൾ.


പാവനസ്മരണയ്ക്ക്

9-ാം ചരമവാർഷികം



തോംസൺ ഗ്രൂപ്പ് ഫൗണ്ടർ ചെയർമാൻ
പുന്നേലിപറമ്പിൽ
ലോനപ്പൻ തോമൻ
ജനനം : 06-06-1923 മരണം : 05-05-2016

5-ാം ചരമവാർഷികം



തോംസൺ ഗ്രൂപ്പ് ഫൗണ്ടർ ചെയർമാൻ
പുന്നേലിപറമ്പിൽ ലോനപ്പൻ തോമൻ
ഭാര്യ കുഞ്ഞന്നം
ജനനം : 26-04-1929 മരണം : 15-05-2020

അടരുവാനാവാതെ സ്നേഹപുഷ്പങ്ങൾ
തോംസൺ ഗ്രൂപ്പ്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ജോർജ്ജ് നെരേപറമ്പിൽ രാഗം തിയറ്റർ ഉടമ



**ലോ**കത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ബുർജ്ജ് ഖലീഫയിൽ ഏറ്റവുമധികം അപ്പാർട്മെൻറുകൾ സ്വന്തമായുള്ള മലയാളി.

നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ പ്രമോട്ടർമാരായ സിയാലിൽ ഏറ്റവുമധികം ഓഹരി സ്വന്തമായുള്ള ബിസിനസ്സുകാരൻ.

തൃശ്ശൂർ മണ്ണമ്പേട്ടയിലെ മലഞ്ചരക്ക് വ്യാപാരിയായ വറീത് നെരേപ്പറമ്പിലിന്റെയും റോസ വറീതിന്റെയും 11 മക്കളിൽ നാലാമനായി ജനനം. സ്കൂളിൽ നാലാംക്ലാസിൽ പഠിക്കുമ്പോൾ തന്നെ അപ്പൻ വറീതിനൊപ്പം കച്ചവടത്തിൽ സഹായിയായി കൂടി.

അടക്ക, കുരുമുളക്, പുളി, നെല്ല്, കശുവണ്ടി എന്നിങ്ങനെ എല്ലാ കാർഷികോത്പന്നങ്ങളും നാട്ടിൻപുറത്തുനിന്ന് സംഭരിച്ച് തൃശ്ശൂരിലും മറ്റും കൊണ്ടു പോയി വിൽക്കലായിരുന്നു വറീതിന്റെയും സഹായിയായ ജോർജിന്റെയും വലിയ ബിസിനസ്സ്. കച്ചവടത്തിന്റെയും പണം സമ്പാദിക്കുന്നതിന്റെയും പാഠങ്ങൾ അപ്പനിൽ നിന്നും അല്ലാതെയും ജോർജ്ജ് സ്വന്തമാക്കിയിരുന്നു.

അപ്പനോടൊപ്പം ബിസിനസ്സ് ചെയ്യാൻ മറ്റ് ഏഴുമക്കൾ കൂടി ഉള്ളതിനാൽ പുതിയതായി എന്തെങ്കിലും ചെയ്യണമെന്ന മോഹമാണ് ജോർജ്ജിനെ ഗൾഫിലേക്കെത്തിച്ചത്. 1976-ലായിരുന്നു അത്. അന്ന് ഗൾഫ് വികസനത്തിന്റെ പാതയിലായിരുന്നു. അവിടുത്തെ ബിസിനസ്സ് രംഗം ആഴത്തിൽ പഠിച്ചപ്പോൾ അവിടെ എയർ കണ്ടീഷണറുകൾക്ക് നല്ല ഡിമാൻഡാണെന്ന് കണ്ടെത്തി. പുതിയ എയർ കണ്ടീഷണറുകൾ വാങ്ങാനുള്ള പണമില്ലാത്തതിനാൽ കേടു വന്നതും ഉപേക്ഷിച്ചതുമായ എയർ കണ്ടീഷണറുകൾ ചുളുവിലക്ക് വാങ്ങി ആ സ്ക്രാപ്പിൽ നിന്നും പുതിയ എയർ കണ്ടീഷണറുകൾ ഉണ്ടാക്കി സെക്കൻഡ്സ് ആയി വിറ്റു. സെക്കൻഡ്സിന് ധാരാളം ആവശ്യക്കാരുണ്ടായിരുന്നു. നാട്ടിൽ ചെയ്ത ബിസിനസ്സിൽ നിന്നും ജോർജ്ജ് പഠിച്ച പാഠമായിരുന്നു അത്. കുരുമുളകിലും കൊപ്രയിലും പുളിയിലും കശുവണ്ടിയിലുമെല്ലാം 'തിരിവ്' എന്നപേരിൽ കച്ചവടക്കാർ മാറ്റിയിടുന്ന 'വേസ്റ്റ്' ചെറിയ വിലക്ക് വാങ്ങി അതിൽ കുറച്ച് പരിശ്രമിച്ച് ഒന്നാംതരമാക്കി വേർ തിരിച്ചെടുക്കുന്ന വിദ്യയാണ് ജോർജിലെ കച്ചവടക്കാരനെ വളർത്തിയത്.

അധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും നാളുകളായിരുന്നു അത്. തുടർന്ന് സ്വന്തമായി ഒരു കമ്പനി തുടങ്ങി - ടെയിൽ സ്റ്റാർ ഇലക്ട്രിക്കൽസ്.

വാൽ നക്ഷത്രങ്ങൾ ഭാഗ്യം കൊണ്ടുവരുമെന്ന അന്നത്തെ പത്രവാർത്തകളിൽ നിന്നാണ് ആ പേർ നൽകിയത്. അതൊരു വിജയഗാഥയുടെ ആരംഭമായിരുന്നു. പിന്നീട് ജോജ്ജിന് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. ഇതിനിടയിൽ കമ്പനിയുടെ പേര് ജിയോ ഇലക്ട്രിക്കൽ ട്രേഡിങ് ആൻഡ് കോൺട്രാക്ടിങ് എന്നാക്കിമാറ്റി. പിന്നീടത് ജിയോ ഗ്രൂപ്പായി മാറി.

828 മീറ്റർ ഉയരമുള്ള, ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ബുർജ്ജ് ഖലീഫ പണി പൂർത്തിയാക്കിയപ്പോൾ 'നിനക്കൊന്നും അതിനകത്തേക്ക് കയറാൻ കൂടി പറ്റില്ല' എന്ന കൂട്ടുകാരന്റെ നിർദോഷകമായ പരിഹാസമാണ് ആ കൂറ്റൻ കെട്ടിടത്തിൽ അപ്പാർട്മെൻറുകൾ സ്വന്തമാക്കാൻ ജോജ്ജിനെ പ്രേരിപ്പിച്ചത്. ആദ്യം വാടകയ്ക്ക് അപ്പാർട്മെന്റിൽ താമസമാരംഭിച്ചു. പിന്നീട് അത് വിലയ്ക്ക് വാങ്ങി. തുടർന്ന് 900 അപ്പാർട്മെൻറുകൾ ഉള്ള ബുർജ്ജ് ഖലീഫയിലെ 22 അപ്പാർട്മെൻറുകൾ ജോർജ്ജ് സ്വന്തമാക്കി. ഇതിൽ 12എണ്ണം വാടകയ്ക്ക്. കൊടുത്തിരിക്കയാണ്. അപ്പാർട്മെൻറുകളുടെ പരിപാലനത്തിനായി മാത്രം വർഷംതോറും 30 ലക്ഷം ദിർഹമാണ് അദ്ദേഹം ചിലവഴിക്കുന്നത്. ബുർജ്ജ് ഖലീഫ കാണാനെത്തുന്ന കേരളത്തിലെ മിക്ക നേതാക്കളുടെയും അവിടുത്തെ ആതിഥേയൻ ജോർജ്ജ് ആയിരിക്കും.

നെടുമ്പാശ്ശേരി വിമാനത്താവളം പണി നടക്കുന്ന വേളയിൽ പണമില്ലാതെ വിമാനത്താവളത്തിന്റെ പണി മുടങ്ങി എന്ന വാർത്തയാണ് സിയാലിൽ നിക്ഷേപിക്കാൻ ജോർജ്ജിനെ പ്രേരിപ്പിച്ചത്. വീടിനടുത്ത് ഒരു വിമാനത്താവളം വേണമെന്നത് ജോർജ്ജിന്റെയും ആവശ്യമായിരുന്നു. അന്ന് സിയാൽ ഡയറക്റ്റർ വി ജെ കുര്യന് നൽകിയത് 2.05 കോടി രൂപയുടെ ചെക്കായിരുന്നു. സിയാൽ മേധാവികൾ അന്തം വിട്ടുപോയ നിമിഷം. സിയാലിൽ സർക്കാർ കഴിഞ്ഞാൽ വ്യക്തിഗത ഓഹരികളിൽ പ്രഥമ സ്ഥാനം ജോർജ്ജിനാണ്. സിയാലിലെ ഡയറക്റ്റർ സ്ഥാനം വർഷങ്ങളായി അദ്ദേഹം അലങ്കരിക്കുന്നു.

തൃശ്ശൂർകാരുടെ വികാരമായ രാഗം തിയ്യേറ്റർ സ്വന്തമാക്കിയതോടെയാണ് ജനങ്ങൾ ജോർജ്ജിനെ ശ്രദ്ധിക്കുന്നത് . തീയ്യേറ്ററിന്റെ പേർ തന്നെ ജോർജ്ജേട്ടൻസ് രാഗമായപ്പോൾ അതിന് തൃശ്ശൂരിന്റെ തനിമ കൈവന്നു. ഇന്ന് യു.എ.ഇ.യിലും ഇന്ത്യയിലുമായി 15 വൻകിട കമ്പനികളാണ് ജിയോ ഗ്രൂപ്പിലുള്ളത്.

ഭാര്യ മോളി ജോർജ്ജ് കമ്പനികളുടെ HRD ഹെഡ്ഡാണ്. പെൺമക്കൾ : ജെനി, ജെമി. മകൻ ജിയോൺ ജോർജ്ജ് കമ്പനികളുടെ അസിസ്റ്റൻറ് മാനേജരാണ്.

എന്റെ നിഘണ്ടുവിൽ അസാധ്യം എന്നൊന്നില്ല. പരിശ്രമിച്ചാൽ എന്തും നേടാവുന്നതേയുള്ളൂ - നിരവധി കാരുണ്യ പ്രവർത്തനങ്ങളിലും സാംസ്കാരിക രംഗത്തും നിറസാന്നിധ്യമായ ജോർജ്ജേട്ടൻ തന്റെ വിജയ രഹസ്യം തുറന്നു പറയുന്നു.

**-മുഹമ്മദ് സക്കീർ, ദുബായ്**

## കാറിടിപ്പിച്ച് റോഡിലൂടെ വലിച്ചുകൊണ്ടുപോയ സിഐഎസ്എഫുകാർ കസ്റ്റഡിയിൽ



കൊച്ചി: നെടുമ്പാശ്ശേരിയിൽ അങ്കമാലി സ്വദേശിയായ യുവാവിന്റെ മരണം കൊലപാതകമെന്ന് നിഗമനം. സംഭവത്തിൽ രണ്ട് സിഐഎസ്എഫ് ഉദ്യോഗസ്ഥരെ പോലീസ് കസ്റ്റഡിയിലെടുത്തു. ബുധനാഴ്ച രാത്രിയിൽ ബൈക്കും കാറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിലാണ് ഇരുപത്തിനാലുകാരനായ ഐവിൻ ജിജോ എന്ന യുവാവ് മരിച്ചതെന്നായിരുന്നു ആദ്യം കരുതിയത്. എന്നാൽ ദൃക്സാക്ഷികളുടെ മൊഴികളുടേയും സിസിടിവി ദൃശ്യങ്ങളുടേയും അടിസ്ഥാനത്തിൽ ഐവിന്റെ മരണം മനഃപൂർവ്വം കാറിടിപ്പിച്ചുള്ള കൊലപാതകമാണെന്ന് കണ്ടെത്തിയതിനേ തുടർന്നാണ് സിഐഎസ്എഫ് ഉദ്യോഗസ്ഥരെ കസ്റ്റഡിയിലെടുത്തത്. യുവാവിനെ ഇടിച്ച കാർ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ സിഐഎസ്എഫ് ഉദ്യോഗസ്ഥന്റേതാണ്.

ബുധനാഴ്ച രാത്രി പതിനൊന്ന് മണിയ്ക്ക് നായിത്തോട് വെച്ചാണ് സംഭവമുണ്ടായത്. യുവാവും സിഐഎസ്എഫ് ഉദ്യോഗസ്ഥനായ വിനയകുമാറും തമ്മിൽ വാക്കുതർക്കമുണ്ടായിരുന്നു. വാഹനത്തിന് സൈഡ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് വാക്കുതർക്കമുണ്ടായി. ഇതിനെ തുടർന്ന് യുവാവ് കാറിന്റെ മുന്നിൽ കയറി നിന്നു. യുവാവിനെ ഇടിച്ചുതെറിപ്പിച്ചുകൊണ്ട് കാറുമായി സിഐഎസ്എഫ് ഉദ്യോഗസ്ഥർ കടന്നുകളയുകയായിരുന്നു. കുറേദൂരം യുവാവ് കാറിന്റെ ബോണറ്റിൽ തങ്ങിക്കിടന്നിരുന്നതായി ദൃക്സാക്ഷികൾ പറയുന്നു. ബോണറ്റിൽ നിന്ന് താഴേക്ക് വീണ ഐവിനെ നിരക്കിക്കൊണ്ട് കാർ ഓടിച്ചിരുന്നതായും വിവരമുണ്ട്.


ആശുപത്രിയിലെത്തിക്കുന്നതിനുമുൻപ് തന്നെ യുവാവ് മരിച്ചിരുന്നതായാണ് ആശുപത്രിയിൽ നിന്ന് ലഭിക്കുന്ന വിവരം. സംഭവവുമായി ബന്ധപ്പെട്ട് സിഐഎസ്എഫ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാറും കസ്റ്റഡിയിലെടുത്തു.

വിമാനങ്ങളിലേക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനത്തിലെ ജീവനക്കാരനാണ് ഐവിൻ. സംഭവം നടന്ന സ്ഥലത്തിനുസമീപത്തുള്ള ഗ്രൗണ്ടിൽ കളിച്ചശേഷം ബൈക്കിനുസമീപത്തേക്ക് വന്ന സമയത്താണ് വാക്കുതർക്കമുണ്ടായത്. വാക്കുതർക്കത്തിന്റെ ദൃശ്യങ്ങൾ ഐവിൻ ഫോണിൽ പകർത്തിയതായാണ് വിവരം. പ്രതി വിനയകുമാർ ആശുപത്രിയിൽ ചികിത്സയിലാണ്.



ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ ഇന്ന് നടന്ന ശീവേലി പീച്ചിയിൽ രാജീവ് തിടമ്പേറ്റി

## അഡ്വ.എ.ഡി.ബെന്നിക്ക് വിശ്വജ്യോതി പുരസ്കാരം സമർപ്പിച്ചു



തൃശൂർ: വേറിട്ട മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങളെ മാനിച്ച് അഡ്വ.എ.ഡി.ബെന്നിക്ക് വിശ്വജ്യോതി പുരസ്കാരം സമർപ്പിച്ചു.ആർ.ടി.ഐ കൗൺസിൽ കോഴിക്കോട് ടൗൺ ഹാളിൽ സംഘടിപ്പിച്ച ഉപഭോക്തൃസംഗമത്തിൽ വെച്ചാണ് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ബെന്നിവക്കീലിന് പുരസ്കാരം സമർപ്പിച്ചത്.ഉപഭോക്തൃ കേസുകൾ നടത്തി റെക്കോർഡിട്ടിട്ടുള്ള ബെന്നിവക്കീൽ ഉപഭോക്തൃവിദ്യാഭ്യാസരംഗത്തു സജീവമായി ഇടപെട്ടുവരുന്നു.സാംസ്കാരികരംഗത്തും ജീവകാരുണ്യരംഗത്തും സജീവമാണ്. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകസെക്രട്ടറിയും ഇപ്പോഴത്തെ ഡയറക്ടറുമാണ്. ആയിരത്തിലധികം സ്പോർട്സ് ലേഖനങ്ങളും വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി ആയിരത്തിൽപരം വീഡിയോകളും ബെന്നിവക്കീലിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്. വൃക്ക മാറ്റിവെച്ച് പതിനെട്ട് വർഷം പൂർത്തിയാക്കിയ ബെന്നി വക്കീലിന്റെ പത്മവ്യൂഹം ഭേദിച്ച് എന്ന ജീവചരിത്ര ഗ്രന്ഥം പ്രശസ്തമാകുന്നു.കോഴിക്കോട് നോർത്ത് എം.എൽ.എ.തോട്ടത്തിൽ രവീന്ദ്രൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കൊച്ചിൻ കോർപ്പറേഷൻ മുൻ ഡെപ്യൂട്ടി മേയർ സാബു ജോർജ്, ഫാദർ.ജേക്കബ്ബ് ഡാനിയേൽ, ജാസ്മിൻ.കെ.കെ, പ്രിൻസ് തെക്കൻ, ജോസഫ് വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

## ചോറില്ല , ബിരിയാണി ഉണ്ട്



തൃശൂർ നഗരം ഉൾപ്പെടെ പല സ്ഥല ങ്ങളിലും ചെറുകിട ഹോട്ടലുകളിൽ പ്രഭാത ഭക്ഷണം പത്ത് മണിക്കു മുമ്പേ തീരുന്നു.വട,പുട്ട്,ഉപ്പുമാവ്, സാദാ ദോശ, എന്നിവ പെട്ടെന്ന് തീരുന്നതിനാൽ കൂടുതൽ പണം വരുന്ന മസാല - - നെയ് റോസ്റ്റ്, പൂരി തുടങ്ങിയവയേ ലഭിക്കൂ. പത്തരമണി മുതൽ പതിനൊന്ന് മണി സമയത്ത് സാധാരണ ആളുകൾ ചായ വട, പഴം പൊരി എന്നിവയാണ് കഴിക്കാറ്. പക്ഷെ ,അതും പെട്ടന്ന് തീരുന്നു.തുടർന്ന് പൊറാട്ട തുടങ്ങിയ വയാണ് കയറി പറ്റുക . കൂടുതൽ പണം കിട്ടുന്നവ ചില വഴിക്കുക എന്നതാണ് രീതി.

ഹോട്ടലുകളിൽ പുറത്ത് തയ്യാറാക്കി വരുന്ന വടകളാണ് കൂടുതൽ ലഭിക്കുക. അവയാകട്ടെ ഗുണമേന്മ ഇല്ലാത്ത എണ്ണയിലാണ് ഉണ്ടാക്കുന്നത്. ഇത് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല.

ഉച്ചക്ക് ഹോട്ടലുകളിൽ ചോറ് കുറഞ്ഞ സമയം മാത്രമെ ഉണ്ടാകൂ.. തുടർന്ന് വില കൂടുതൽ വരുന്ന ബിരിയാണി തുടങ്ങിയവ ലഭിക്കും. ഈ വക കാര്യങ്ങളാൽ സാധാരണ ജനങ്ങളാണ് കഷ്ടപ്പെടുന്നത്.

വില കുറവായതിനാൽ ഓംലറ്റ് ഔട്ട്. മീൻ കറി സൂപ്പറാകാറില്ല. വറവ് മത്സ്യം പലപ്പോഴും നല്ല എണ്ണയിൽ ഉണ്ടാക്കിയത് ലഭിക്കാറില്ല.

വില വിവര പട്ടിക പലയിടത്തും കാണാമറയത്തായിരിക്കും. ഇക്കാലത്ത് ആരും വില ചോദിച്ച് ഭക്ഷണം വാങ്ങാറില്ലെന്നതും മറ്റൊരു കാര്യം.

തൃശൂരിലെ മിക്ക സിനിമാ തിയ്യറ്ററുകളിലും കാപ്പിക്കും മറ്റ് തീറ്റ സാധനങ്ങൾക്കും തോന്നിയ പണമാണ് വാങ്ങുന്നത്. നല്ല കുടിവെള്ളം പോലും തിയ്യറ്ററിൽ കിട്ടില്ല.കാശ് കൊടുത്ത് കുപ്പി വെള്ളം വാങ്ങണം.ഇതൊക്കെ കാണാൻ, നോക്കാൻ ഇവിടെ ആരോഗ്യ പ്രവർത്തകരുണ്ടോ. പഴകിയ ഭക്ഷണം പിടിച്ച പ്രദർശിപ്പിച്ച് പത്രത്തിൽ ചാനലുകളിൽ ഫോട്ടോ വന്നതുകൊണ്ട് മാത്രം കാര്യങ്ങൾ നടക്കില്ലല്ലോ വലിയ വലിയ കാര്യങ്ങൾക്കിടയിലും ഇത്തരം ചെറിയ കാര്യങ്ങൾ ഇവിടെ ഉണ്ടെന്ന് നാം അറിയണം.



**കിളിവാതിൽ**
**രാജൻ എലവത്തൂർ**

## ദേശീയ ലോക അദാലത്ത് ജൂൺ 14ന്

തൃശൂർ: കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെയും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റികളുമായി കൂടിച്ചേർന്ന് നടത്തിവരുന്ന നാഷണൽ ലോക് അദാലത്ത് 2025 ജൂൺ മാസം 14ന് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ജില്ലാ കോടതി, എം എ സി ടി, സബ് കോടതി, മുൻസിഫ് കോടതി എന്നിവിടങ്ങളിൽ നിലവിലുള്ള കേസുകളും കോടതിയിൽ എത്താത്ത തർക്കങ്ങളും പരാതികളും അദാലത്തിൽ പരിഗണിക്കപ്പെടാൻ ബന്ധപ്പെട്ട പരാതിക്കാർക്ക് നീ 31നകം തൃശ്ശൂർ ജില്ലാ നിയമ സേവന അതോറിറ്റിയേയും ബന്ധപ്പെട്ട താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളെയും സമീപിക്കാവുന്നതാണ്. നിലവിലുള്ള സാഹചര്യത്തിൽ തീർപ്പാക്കാൻ കൂടുതൽ സാധ്യതയുള്ള കേസുകൾ, മോട്ടോർ ആക്സിഡന്റ് കേസുകൾ, സിവിൽ കേസുകൾ, ഇലക്ട്രിസിറ്റി ആക്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വാട്ടർ ചാർജ്, ആർടിഒ കുടുംബ തർക്കങ്ങൾ (ഡിവോഴ്സ് ഒഴികെ) ചെക്ക് കേസുകൾ, ബാങ്കുകൾ ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിലെ ലോൺ റിക്കവറി ലേബർ ഡിസ്പ്യൂട്ട്, കോമ്പൗണ്ടബിൾ ക്രിമിനൽ കേസുകൾ മജിസ്ട്രേറ്റ് കോടതികളിലെ പെറ്റി കേസുകൾ എന്നിവയാണ് അദാലത്തിൽ പരിഗണിക്കുന്നത്. പ്രാരംഭ ചർച്ചകൾ ജൂൺ 2 മുതൽ 13 വരെ നടത്തുന്നതാണ്.

വിശുദ്ധ വിവരങ്ങൾക്ക് നിയമ സേവന അതോറിറ്റി തൃശ്ശൂർ ജില്ലാ ഓഫീസുമായോ താലൂക്ക് ലീഗൽ സർവീസസ് കമ്മറ്റികളും ആയോ ബന്ധപ്പെടേണ്ടതാണ്.

ജില്ലാ നിയമ സേവന അതോറിറ്റിയുടെ കീഴിലുള്ള താലൂക്ക് സർവീസ് കമ്മറ്റികളിലാണ് ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നത്.

ജില്ലാ നിയമസേവന അതോറിറ്റി തൃശ്ശൂർ -0487-2363770, താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി തൃശ്ശൂർ - 0487-2363323, താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി തലപ്പിള്ളി - 04884-295301, താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി ചാവക്കാട് - 0487-2952018, താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി കൊടുങ്ങല്ലൂർ- 8078741350, താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി മുകുന്ദപുരം-0480 2950399

## കൃഷിഭവനു മുൻമ്പിൽ കർഷക കോൺഗ്രസ് പ്രതിഷേധം




പുതുക്കാട് :കേരകൃഷി സംരക്ഷണത്തിനായി ലോകബാങ്ക് നൽകിയ പണം വകമാറ്റി ചെലവഴിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിനെതിരെയും, നെൽകർഷകരോട് സർക്കാർ കാണിക്കുന്ന അവഗണനക്കെതിരെയും പുതുക്കാട് മണ്ഡലം കർഷക കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പുതുക്കാട് കൃഷി ഭവനിലക്ക് മാർച്ചും ധർണ്ണയും നടത്തി. കർഷക കോൺഗ്രസ്സ് മണ്ഡലം പ്രസിഡണ്ട് എ.എൽ ജോയിയുടെ അദ്ധ്യക്ഷതിയിൽ നടന്ന പ്രതിഷേധ ധർണ്ണ ഡിസിസി ജന.സെക്രട്ടറി സെബി കൊടിയൻ ഉൽഘാടനം ചെയ്തു. പി.പി ചന്ദ്രൻ, സിന്റൊ ആന്റണി, സി.കെ.ദിൽ തോബി തോട്യാൻ, ജോബി മധുരക്കറി എഡ് വിൻ ആന്റോ, ജോസ് കൂനൻ എന്നിവർ സംസാരിച്ചു.

## സംഘപരിവാറിനെ പ്രതിരോധിക്കാൻ പ്രശ്നാധിഷ്ഠിത സഹകരണം ഉറപ്പാക്കണം - റസാഖ് പാലേരി

തൃശൂർ: സംഘ്പരിവാർ അവരുടെ രാഷ്ട്രീയ പരീക്ഷണം വിജയിപ്പിച്ചെടുത്ത സ്ഥലമാണ് തൃശ്ശൂർ. വിദ്വേഷ രാഷ്ട്രീയം പ്രചരിപ്പിച്ചും വിവിധ ജനവിഭാഗങ്ങൾക്കിടയിൽ പക വളർത്തുന്ന രീതിയിൽ സോഷ്യൽ എൻജിനീയറിങ് നടത്തിയുമാണ് സംഘ് വിജയം സാധ്യമായത്. വ്യത്യസ്ത രാഷ്ട്രീയ കക്ഷികളുടെ പിഴവുകളും ഈ വിജയത്തിൽ പങ്കുവഹിച്ചിട്ടുണ്ട്. സംഘ് വിരുദ്ധത അവകാശപ്പെട്ടു കൊണ്ടിരിക്കുന്ന വ്യത്യസ്ത രാഷ്ട്രീയ സഖ്യങ്ങൾ കേരളത്തിൽ സജീവമാണ്. അതുകൊണ്ടു തന്നെ പൊതു എതിരാളി എന്ന നിലയിൽ സംഘ് ശക്തികൾക്കെതിരെ നിലയുറപ്പിക്കാൻ ഇരുമുന്നണികളും പരസ്പരം സഹകരിക്കുകയും പ്രശ്നാധിഷ്ഠിതമായി കേന്ദ്രത്തിലെ ഇന്ത്യ സഖ്യം പോലെയുള്ള സംവിധാനങ്ങൾ കേരളത്തിലും സാധ്യമാക്കുകയും ചെയ്യണമെന്ന് വെൽഫെയർ പാർട്ടി സംസ്ഥാന പ്രസിഡന്റ് റസാഖ് പാലേരി പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ക്രിസ്ത്യൻ വിഭാഗങ്ങളെ തങ്ങൾക്കൊപ്പം നിർത്താൻ മുസ്ലീങ്ങളെ അപരസ്ഥാനത്ത് നിർത്തി ശത്രുതാ പ്രചരണം നടത്തുകയാണ് തൃശ്ശൂരിൽ സംഘ്പരിവാർ ചെയ്തത്. ഇതിൽ ചില ക്രിസ്ത്യൻ നേതാക്കൾ വീണുപോവുകയും ചെയ്തു. എന്നാൽ സംഘപരിവാറിന്റെ ക്രിസ്ത്യൻ സ്നേഹം എത്രത്തോളം ഉണ്ടെന്ന് മണിപ്പൂർ വിഷയത്തിലും ക്രിസ്ത്യൻ പള്ളികളും പുരോഹിതന്മാരും ആക്രമിക്കപ്പെട്ട സംഭവങ്ങളിലുമുള്ള ബിജെപി നിലപാട് വ്യക്തമാക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ മുനമ്പത്തെ മുൻനിർത്തി വഖ്ഫ് വിഷയത്തിൽ ക്രിസ്ത്യൻ പിന്തുണ നേടിയെടുത്ത ബിജെപി പിന്നീട് എന്താണ് പറഞ്ഞതെന്ന് എല്ലാവരും കേട്ടതാണ്. ഈ കാപട്യം തിരിച്ചറിഞ്ഞ് ക്രിസ്ത്യൻ വിഭാഗങ്ങൾ സംഘ്പരിവാറിനെ അധികാരത്തിൽ നിന്നും പുറത്താക്കാൻ രംഗത്ത് വരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തൃശ്ശൂരിൽ വിജയിക്കാൻ പൊതുസമ്മതൻ എന്ന ലേബലിൽ ഇറക്കിയ വ്യക്തി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്താവനകളും നിലപാടുകളും അദ്ദേഹത്തിന്റെ രാഷ്ട്രീയം വ്യക്തമാക്കുന്നുണ്ട്. വഖ്ഫിനെ സൂചിപ്പിക്കാൻ ആർഎസ്എസുകാർ പോലും ഉപയോഗിക്കാത്ത വാക്കാണ് എം.പി ഉപയോഗിച്ചത്. പൊതുസമ്മതൻ എന്ന പേരിൽ അദ്ദേഹത്തിന് വോട്ട് ചെയ്ത എല്ലാവരും ഈ യാഥാർത്ഥ്യം തിരിച്ചറിയണം.

പരസ്പരമുള്ള പകയിലും വിദ്വേഷത്തിലുമാണ് സംഘ്പരിവാറിന്റെ രാഷ്ട്രീയം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ആഭ്യന്തരമായ ഒരു ശത്രുവിനെ ചൂണ്ടിക്കാണിക്കാതെ ഒരു ജനസംഘാടനവും നടത്താൻ അവർക്ക് സാധിക്കില്ല. മാത്രമല്ല തങ്ങളുടെ സർക്കാരിന്റെ പരാജയവും ജനദ്രോഹ നടപടികളും അപര വിദ്വേഷത്തിന്റെ പേരിൽ ന്യായീകരിക്കുകയുമാണ് അവർ ചെയ്യുന്നത്.

തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട വിവാദങ്ങൾ കഴിഞ്ഞിട്ട് ഒരു വർഷം തികഞ്ഞിരിക്കുകയാണ്. തൃശ്ശൂരിലെ സംഘ്പരിവാർ വിജയത്തിൽ ആ വിവാദം വഹിച്ച പങ്ക് വ്യക്തമായിരുന്നു. എന്നാൽ ഇടതു സർക്കാർ അതിൽ ആർജവമുള്ള ഒരു നിലപാടും എടുത്തില്ല എന്ന് മാത്രമല്ല കുറ്റാരോപിതരെ പ്രത്യേക പരിഗണന നൽകി സ്ഥാനക്കയറ്റം നൽകുകയാണ് ആഭ്യന്തര വകുപ്പ് ചെയ്തത്. ഇടതു സർക്കാരിന്റെ ഇത്തരം നയങ്ങൾ സംഘ് പരിവാറിന്റെ ആധിപത്യം ഉറപ്പിക്കലിൽ വലിയ പങ്കാണ് വഹിക്കുന്നത്. നാടിന്റെയും ജനങ്ങളുടെയും ശത്രുക്കൾക്കെതിരെ എല്ലാ ജനവിഭാഗങ്ങളെയും ഒരുമിപ്പിച്ച് മുന്നോട്ടുപോകുന്ന രാഷ്ട്രീയമാണ് നാടിന് ആവശ്യം. വിദ്വേഷവും പകയും പരത്തുന്ന ജനദ്രോഹികൾക്കെതിരെ സാഹോദര്യത്തിന്റെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധിക്കണം. അങ്ങനെ നാടിന്റെ നന്മക്കായി ഒന്നിച്ച് നിൽക്കാൻ ഭിന്നതകൾ മാറ്റിവെച്ച് നമുക്ക് സാധിക്കണം എന്ന സാഹോദര്യ സന്ദേശമാണ് വെൽഫെയർ പാർട്ടി നടത്തിക്കൊണ്ടിരിക്കുന്ന സാഹോദര്യ പദയാത്രയുടെ സന്ദേശം. അത് നെഞ്ചേറ്റാൻ ഓരോ പൗരനും മുന്നോട്ടുവരണമെന്നും റസാഖ് പാലേരി ആവശ്യപ്പെട്ടു.

പത്രസമ്മേളനത്തിൽ പങ്കെടുത്തവർ റസാഖ് പാലേരിക്കു പുറമെ ജബീന ഇർഷാദ് ,ജ്യോതിവാസ് പറവൂർ, അഡ്വ. കെ. എസ് നിസാർ എന്നിവർ പങ്കെടുത്തു.

## ഷെഡ്ഡ് തകർന്നുവീണ് വിനോദസഞ്ചാരത്തിന് എത്തിയ വിദ്യാർത്ഥിനി മരിച്ചു

തൃശൂർ : തൊള്ളായിരം കണ്ടിയിൽ വിനോദസഞ്ചാരികൾ താമസിച്ച ഷെഡ് തകർന്ന് വീണ് പെൺകുട്ടി മരിച്ചു. മലപ്പുറം അകമ്പാടം സ്വദേശിനി നിഷ്മ(15) ആണ് മരിച്ചത്. തൊള്ളയിരം കണ്ടി ടെന്റ് ഗ്രാമിലാണ് അപകടം ഉണ്ടായത്. പുലർച്ചെ 2.30നാണ് സംഭവം. അനുമതിയില്ലാതെയാണ് വിനോദസഞ്ചാരികളെ താമസിപ്പിച്ചതെന്നാണ് സൂചന.



ഒല്ലൂർ, ഇടക്കുന്നി റെസിഡന്റ്സ് അസോസിയേഷൻ ഇന്റെ 5-ആം വാർഷിക സമ്മേളനം, തൃശൂർ കോർപറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി, ചെയർ പേഴ്സൺ, കരോലിൻ ജെരീഷ് ഉത്ഘാടനം ചെയ്യുന്നു. പ്രസിഡന്റ് ഓ. രാമകൃഷ്ണൻ, സെക്രട്ടറി മോഹനൻ പുല്ല തറ, ടി. വി. സണ്ണി തുടങ്ങി യവർ പങ്കെടുത്തു.

## നാട് ഒന്നാകെ ഇന്ത്യൻ സൈനികർക്ക് ബിഗ് സല്യൂട്ട് നൽകണം: തോമസ് ഉണ്ണിയാടൻ




പഹൽഗാമിൽ ഭീകരർക്കെതിരെ ഇന്ത്യൻ സൈന്യം നൽകിയ ശക്തമായ തിരിച്ചടിയിൽ സൈനികർക്ക് ബിഗ് സല്യൂട്ട് നൽകിയും ഐക്യദാർഢ്യം പ്രകടിപ്പിച്ചും കേരള കോൺഗ്രസ് നടത്തിയ ചടങ്ങ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്യുന്നു.

ഇരിങ്ങാലക്കുട പഹൽഗാമിൽ ഇന്ത്യൻ സഹോദരങ്ങളെ നിഷ്ഠൂരമായി കൊലചെയ്ത കൊടും തീവ്രവാദികൾക്കും അവരെ സഹായിച്ചവർക്കും ശക്തമായ തിരിച്ചടി നൽകുകയും ഇന്ത്യൻ ജനതയെ സുരക്ഷിതമായി കാക്കുകയും ചെയ്യുന്ന ഇന്ത്യൻ കര - വ്യോമ - നാവിക സേനാംഗങ്ങളെ അഭിമാനപൂർവം സ്മരിക്കുകയും അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നതായി കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ പറഞ്ഞു. ഭീകരർക്കെതിരെ ഇന്ത്യൻ സൈന്യം നൽകിയ ശക്തമായ തിരിച്ചടിയിൽ സൈനികർക്ക് ബിഗ് സല്യൂട്ട് നൽകിയും ഐക്യദാർഢ്യം പ്രകടിപ്പിച്ചും കേരള കോൺഗ്രസ് നടത്തിയ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, ജില്ലാ സെക്രട്ടറി സേതു മാധവൻ, സതീഷ് കെ, വനിതാ കോൺഗ്രസ് പ്രസിഡന്റ് മാഗി വിൻസെന്റ്, അറ് ഷൈനി ജോജോ, ഫിലിപ്പ് ഓളാട്ടുപുറം, ലാസർ കോച്ചേരി, അജിത സദാനന്ദൻ, കൗൺസിലർ ഫെനി എബിൻ, അഷറഫ് പാലിയത്താഴത്ത്, എം.എസ്.ശ്രീധരൻ, എബിൻ വെള്ളാനിക്കാരൻ ലിംസി ഡാർവിൻ, ബിജോയ് ചിറയത്ത്, ലാലു വിൻസെന്റ്, അനൂപ് രാജ്, വിനീത് വിൻസന്റ്,എന്നിവർ പ്രസംഗിച്ചു.

## ആയുഷ് മിഷനിൽ കരാർ നിയമനം

തൃശൂർ :നാഷണൽ ആയുഷ് മിഷൻ കേരളം പ്രോക്യൂർമെന്റ് ഓഫീസർ, ഡാറ്റാ പ്രോഗ്രാമർ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

വിശദവിവരങ്ങൾക്ക് www.nam.kerala.gov.in സന്ദർശിക്കുക.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 1. ഫോൺ: 0471-2474550


### COURT NOTICE

**BEFORE THE HON'BLE ARBITRATION TRIBUNAL**
**SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,**
**AYYANTHOLE SOUTH, NEAR NEW COURT COMPLEX**
**THRISSUR - 680003**

**ACP No. 09/2025**

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1. **Mrs. Soumya K S** W/o. K Soman, Sundar Bhavan, Vayalar P O , Vayalar, Alleppey District. Kerala PIN-688536
2. **Mr. Dipi Shyjan** S/o. K N Parameswaran,Kareethara Nikarthil (H) ,Vayalar, Kalavamkodam P.O, Alleppey District, Kerala, PIN – 688524
3. **Mr. Rajeev,** S/o.Ramanan, Puthuvalveli (H), Mannanchery, Ponnad P.O, Alleppey District,Kerala, PIN – 688538.

- Respondents

The above numbered case is posted to **23.05.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer



### COURT NOTICE

**BEFORE THE HON'BLE ARBITRATION TRIBUNAL**
**SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,**
**AYYANTHOLE SOUTH, NEAR NEW COURT COMPLEX**
**THRISSUR - 680003**

**ACP No. 17/2025**

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1. **Mrs. Shaharbanu,** D/o Alikutty, Nalakath (H) Kambalakkad P.O, Wayanad Dist, Kerla-673121
2. **Mr. Showkath Ali,** S/o Muhammad, Nalakath (H), Kambalakkad P.O, Wayanad Dist,Kerla-673121
3. **Mr.Majeed PA,** S/o Moideen, Nalakath (H),Kambalakkad P.O, Wayanad Dist, Kerla-673121

- Respondents

The above numbered case is posted to **23.05.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer